# പ്രിയദർശനം _ കുമാരനാശാൻ

## (കവിത – നളിനി)

### [പാഠഭാഗത്തിലെ ചോദ്യങ്ങളും ഉത്തരങ്ങളും ഉൾപ്പെടെ]

**ആശാൻ:** – ആധുനിക കവിത്രയങ്ങളിൽ ശ്രദ്ധേയൻ.( ആശാൻ, ഉള്ളൂർ, വള്ളത്തോൾ)

- സ്നേഹഗായകൻ എന്ന് വിശേഷിപ്പിക്കുന്ന കവി –
- ആശാൻ ആശയഗംഭീരൻ എന്ന പ്രയോഗം ആശാന്റെ കാവ്യപ്രപഞ്ചത്തിനുള്ള അംഗീകാരമാകുന്നു.
- ശ്രീനാരായണ ഗുരുവിന്റെ അരുമശിഷ്യൻ
- സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തിന് നേതൃത്വം വഹിച്ചു.

***പ്രധാന കൃതികൾ* :** വീണപൂവ്, നളിനി , ലീല, പ്രരോദനം , ചിന്താവിഷ്ടയായ സീത ദുരവസ്ഥ, ചണ്ഡാല ഭിക്ഷുകി ,കരുണ, ഗ്രാമ വൃക്ഷത്തിലെ കുയിൽ (ഖണ്ഡകാവ്യങ്ങൾ ) പുഷ്പവാടി, മണിമാല, സ്തോത്ര കൃതികൾ ( കവിതകൾ)

## ■ *പാഠഭാഗാശയം – വരികൾ ,വിശദാംശങ്ങൾ*

- "കഷ്ടകാലമഖിലം ..................................മഹാമതേ"

"എന്റെ കഷ്ടകാലമെല്ലാം തീർന്നു . എന്റെ ഭാഗ്യരൂപം പ്രാപിച്ചുവന്നു പോലെ അങ്ങയെ എനിക്കു കാണാൻ കഴിഞ്ഞു. അല്ലയോ മഹാത്മാവേ , ഞാൻ പണ്ട് അങ്ങേയ്ക്ക് ഇഷ്ടയായിരുന്ന നളിനിയാണ്" എന്നു നളിനി ദിവാകരനോട് പറഞ്ഞു "

- **പ്രാണനോട്ടമൊരുനാൾ ......................പ്രിയമൊരിക്കലീശ്വരൻ".**

എന്റെ മരണത്തിനുമുമ്പ് എന്നെങ്കിലും ഒരിക്കൽ അങ്ങയുടെ പാദം കാണാൻ കഴിയുമെന്ന ആശയാടെ ഞാനിവിടെ കഴിയുകയായിരുന്നു. – മനസ്സുരുകി പ്രാർഥിക്കുന്നവരുടെ അഭീഷ്ടം എന്നെങ്കിലും ഒരിക്കൽ ഈശ്വരൻ നൽകുക തന്നെ ചെയ്യും .

ദിവാകരദർശനമായിരുന്നു തന്റെ ജീവിതലക്ഷ്യമെന്നും ഈശ്വരാനുഗ്രഹത്താൽ ഇന്നതു സാധിച്ചുവെന്നും സാരം .

- **സന്ന്യസിച്ചളവുമാസ്ഥയാൽ...................മോർത്തിടായ്കിലും**

ഞാൻ സന്യാസം സ്വീകരിച്ചപ്പോഴും അങ്ങയോടുള്ള സ്നേഹം നിമിത്തം അങ്ങയെ ഓർത്തുകൊണ്ടാണ് കഴിഞ്ഞത് . അങ്ങ് എന്നെ ഓർക്കുന്നെങ്കിലും ഇല്ലെങ്കിലും ഇന്ന് അപ്രതീക്ഷിതമായി അങ്ങയെ കാണാൻ കഴിഞ്ഞതു നിമിത്തം ഞാൻ ഭാഗ്യവതിയാണ് .

- **ഏവമോതിയിടരാർന്നു ...........................സുഖോദയം**

Prepared by Suresh Areekode,HST Malayalam; GHSS Areecode , Malappuram

ഇപ്രകാരം പറഞ്ഞ് , ഒന്നും പറയാൻ കഴിയാതെ അവൾ കണ്ണുനീർ ചൊരിഞ്ഞുകൊണ്ട് നിന്നു. സ്നേഹബദ്ധരായിരുന്നവർ വേർപ്പെട്ട് കുറേ കാലത്തിന് ശേഷം അപ്രതീക്ഷിതമായി കണ്ടുമുട്ടുമ്പോൾ ഉണ്ടാകുന്ന സുഖം തപ്തവും വികാരവൈവിശ്യമാർന്നതു മായിരിക്കും. അതിനാലാണ് അപ്പോഴത്തെ സുഖോദയം വികലമായിത്തീരുന്നത്.

- **"ധീരനായ യതി . . . .............സുമോപമം"**

കാന്തിപൂരത്താടെ പ്രഭാതത്തിൽ വിടർന്നു നിൽക്കുന്ന പനിനീർപ്പൂവിനു തുല്യം കരഞ്ഞു തുടുത്ത് ബാഷ്പ പൂർണ്ണമായ അവളുടെ മുഖം ധീരനായ ആ യതി നോക്കി. ദിവാകരൻ തന്നെ തിരിച്ചറിയാത്തതിലും തന്നെ വിസ്മരിച്ചതിലുമുള്ള സങ്കടം കൊണ്ടാണ് നളിനി കരഞ്ഞത് . എന്നാൽ പ്രഭാതത്തിൽ സൂര്യസാന്നിധ്യം കൊണ്ടു പനിനീർപ്പൂവ് വികസിക്കുന്നതു പോലെ,ദിവാകര സാന്നിധ്യം നളിനിക്ക് അമിതാനന്ദം നൽകിയെന്ന് ഈ ഉപമിയിലൂടെ ധ്വനിപ്പിച്ചിരിക്കുന്നു. സൂര്യകിരണമേറ്റു മഞ്ഞു തുള്ളികൾ നീരാവിയായിപ്പോകുന്നതു പോലെ നളിനിടെ ദു:ഖം അകന്ന് അവൾക്ക് ആനന്ദം കൈവരുമെന്ന് ഈ ഉപമയിൽ വ്യഞ്ജിക്കുന്നു.

- **ആരതെന്നുടനറിഞ്ഞു .................................കനിഞ്ഞവൻ**

അവളാരാണെന്ന് പെട്ടെന്ന് മനസ്സിലാക്കിയ ദിവാകരൻ പണ്ടത്തെ സംഭവങ്ങളോർത്തു സന്തുഷ്ടനായി. കഴിഞ്ഞുപോയ ശൈശവ കാലത്തെ സംഭവങ്ങൾക്കനുസരിച്ച് ദയാപൂർവ്വം ഇങ്ങനെ പറഞ്ഞു.

- **പാരവും ................................വരുന്നയേ.**

എനിക്കേറ്റവും പരിചയമുള്ള ഈ പേരും ഈ മധുരനാദവും നീയും നിന്റെ ദൂരെയുള്ള വീടും എല്ലാം വിശദമായി എന്റെ ഓർമ്മയിൽ വരുന്നു.

- **കണ്ടുടൻ ..................വല്ലിയായി നീ**

കണ്ടയുടനെ നിന്നെ തിരിച്ചറിയാത്തതിൽ അല്ലയോ സഖീ , നീ ദുഃഖിച്ച് കരയേണ്ട . അന്നു ഞാൻ കാണുമ്പോൾ നീ ഒരിളം കുരുന്നായിരുന്നു. ഇന്നാകട്ടെ വല്ലിയായ് മാറിക്കഴിഞ്ഞു. കൗമാര പ്രായത്തിൽ താൻ കണ്ടിരുന്ന നളിനി ഇന്ന് പ്രായപൂർത്തിയായ ഒരു യുവതിയായി മാറിക്കഴിഞ്ഞു. വളർച്ചയിൽ സംഭവിച്ച ഈ വ്യത്യാസം കൊണ്ടാണ് താനവളെ തിരിച്ചറിയാതെ പോയതെന്ന് ദിവാകരൻ പറയുന്നു.

- **എന്നിൽ നിന്നണു...........................വത്സലേ**

അക്കാലത്ത് എന്നിൽ നിന്ന് ചെറിയൊരപ്രിയം ഉണ്ടായാൽ പോലും നീ കരയുമായിരുന്നു .സ്നേഹം കൊണ്ടുണ്ടാക്കുന്ന ദൗർബല്യം അന്നും ഇന്നും ഒരു പോലെ വത്സലേ, നിന്നിൽ കാണുന്നു • കാലമിത്രയായിട്ടും നളിനിയുടെ പ്രണയചാപല്യത്തിന് മാത്രം മാറ്റം വന്നിട്ടില്ലെന്നു സാരം.

- **പോയതൊക്കെ ............................വാണിടുന്നു നീ**

കഴിഞ്ഞതെല്ലാം കഴിഞ്ഞു. നമ്മുടെ പ്രായവും ലക്ഷ്യങ്ങളും മാറി . വേണ്ടത്ര

- പക്വത വന്നു . അതെല്ലാം പോകട്ടെ. നീ എന്തിനാണിവിടെ വസിക്കുന്നത്?

  **ഓതുകിന്നതഥവാ ........................... ശരീരികൾ**

  അല്ലയോ മംഗള സ്വരൂപിണി നീ എന്തിനാണിവിടെ വസിക്കുന്നതെന്ന കാര്യം പറയുക. ഒരു പക്ഷെ അതിന്റെ കാരണം അന്വേഷിക്കുന്നത് വെറുതെയാണ്. ഏതോ കാര്യത്തിനു വേണ്ടി നീ തുനിഞ്ഞുവെന്ന് കരുതിയാൽ മതി. ജീവികൾ അവയുടെ കർമ്മ പ്രേരണ നിമിത്തം ഏത് മാർഗ്ഗമാണ് സ്വീകരിക്കാത്തത്?

  ഓരോരുത്തരും അവനവന്റെ കർമഗതിയനുസരിച്ചാണ് മുന്നോട്ട് പോകുന്നത് . അതുകൊണ്ട് അതിന്റെ കാരണമന്വേഷിക്കുന്നതു വൃഥാവിലാണെന്ന് യോഗി കരുതുന്നു - നളിനിയും അങ്ങനെ സ്വകർമപ്രേരിതമായ ഒരു മാർഗം സ്വീകരിച്ചുവെന്ന് മാത്രം.

- ***പിന്നെയൊന്നൊരു . . . . . ........................വിവേകികൾ***

അല്ലയോ സഖീ ! ഞാൻ ഒരു കാര്യം കൂടി ചോദിക്കട്ടെ. നീ എന്നെയോർത്തു തപസ്സു ചെയ്തുകോണ്ട് ഇവിടെ കഴിഞ്ഞെന്നു പറഞ്ഞല്ലോ . ഏന്തു ഉപകാരമാണ് നീ എന്നിൽ നിന്നു പ്രതീക്ഷിക്കുന്നത് . വിവേകികളായ ആളുകൾ സ്വന്തം ജിവിതം ആന്യർക്ക് ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിച്ചു കൃതകൃത്യരാകും. നളിനിക്കുവേണ്ടി എന്തെങ്കിലും ചെയ്യേണ്ടതുണ്ടങ്കിൽ തികച്ചും സന്തോഷത്തോടെ താനതു ചെയ്യുമെന്നാണ് ദിവാകരൻ പറയുന്നത്. 'പരോപകാരാർത്ഥമിദം ശരീരം' എന്ന ആശയമാണ് ദിവാകരൻ ഇവിടെ വെളിപ്പെടുത്തുന്നത്.

## ◆ പ്രിയദർശനം - തലക്കെട്ടിന്റെ ഔചിത്യം

കുമാരനാശാന്റെ നളിനി എന്ന ഖണ്ഡകാവ്യത്തില ഒരു ഭാഗം. നളിനിയും ദിവാകരനും കളിക്കൂട്ടുകാരായിരുന്നു .ഒരുമിച്ച് പാഠശാലയിൽ പഠിച്ചവർ , സ്നേഹം പങ്കുവച്ച് വളർന്നവർ. യുവാവായ ദിവാകരൻ സന്യാസത്തിൽ തൽപ്പരനായി നാടു വിട്ടുപോയി. തന്റെ വിവാഹം നിശ്ചയിച്ചതറിഞ്ഞ് വീടുവിട്ടിറങ്ങി, പോയ്കയിലേക്ക് എടുത്ത് ചാടിയ നളിനിയെ ഒരു സന്യാസിനി രക്ഷപ്പെടുത്തുന്നു. വർഷങ്ങൾക്ക് ശേഷം ഹിമാലയത്തിൽ സന്യാസിയായിരുന്ന ദിവാകരനെ നളിനി കണ്ടുമുട്ടുന്നതും തന്നെ പരിചയപ്പെടുത്തികൊണ്ട് സ്മരണകൾ പങ്കുവയ്ക്കുന്നതുമാണ് പ്രിയദർശനം എന്ന പാഠഭാഗം .

തനിക്ക് ഏറ്റവും പ്രിയപ്പെട്ടവനെ വീണ്ടും കണ്ടുമുട്ടുന്ന സന്ദർമാണ് പാഠഭാഗം. ആയതിനാൽ തലക്കെട്ട് ഏറ്റവും അനുയോജ്യം

## ◆ പ്രവർത്തന വിശകലനം

- ***ഭവാനു പണ്ടിഷ്ടയാം നളിനി ഞാൻ*** - ഇങ്ങനെ പരിചയപ്പെടുത്തിയതിന്റെ കാരണം?

വർഷങ്ങൾക്കു ശേഷം നളിനി യാദൃശ്ചികമായി ദിവാകരനെ കണ്ടുമുട്ടുന്നു. നളിനി സ്വയം പരിചയപ്പെടുത്തുന്നു. അങ്ങേയ്ക്ക് പണ്ട് ഇഷ്ടമായിരുന്ന നളിനിയാണ് ഞാൻ.

പണ്ട് എന്ന പ്രയോഗം ദിവാകരന് തന്നോടുള്ള മനോഭാവം എന്തെന്ന് മനസ്സിലാക്കാൻ കഴിയാത്ത നളിനിയുടെ ആശങ്ക വെളിപ്പെടുത്തുന്നു.ദിവാകരൻ തന്നെ തിരിച്ചറിയാതിരുന്നതിലുള്ള നളിനിയുടെ സങ്കടം ഇവിടെ വെളിപ്പെടുത്തുന്നു.

**പ്രായവും സപദിമാറി കാര്യവും** - നമ്മുടെ പ്രായവും ലക്ഷ്യങ്ങളും മാറി എന്ന ദിവാകരന്റെ പ്രതികരണം - (നളിനി ദിവാകരന്മാരുടെ ബാല്യകാല സൗഹൃദം ,ദിവാകരനിൽ പിന്നീടുണ്ടായ മാറ്റം , വീണ്ടും കണ്ടുമുട്ടുന്ന സന്ദർഭം.)

- **ചമൽക്കാരഭംഗി**
- **ധീരനായ യതി നോക്കി തന്വിതൻ**
  **ഭൂരിബാഷ്പ പരിപാടലം മുഖം ;**
  **പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ**
  **ധാരയാർന്ന പനിനീർ സുമോപമം**
- കരഞ്ഞു തുടുത്ത നളിനിയുടെ മുഖം വർണിക്കുന്നു
- കാമുകനായ ദിവാകരൻ തന്നെ തിരിച്ചറിയാത്തിലും തന്റെ സ്നേഹാധിക്യം വിസ്മരിച്ചതിലുമൊക്കെയുള്ള ദുഃഖം. നളിനിയുടെ കണ്ണുകൾ നിറയുന്നത്.
- ഉദയ സൂര്യന്റെ കിരണങ്ങൾ (രശ്മികൾ)ഏറ്റിട്ടാണ് പനിനീർപ്പൂ വികസിക്കുന്നത്.
- ഇവിടെ ദിവാകരന്റെ സാന്നിധ്യം നളിനി (താമര)ക്ക് നൽകിയ സന്തോഷവും സാദൃശ്യപ്പെടുത്തുന്നു.
- കണ്ണുനീർ നിറഞ്ഞ് നല്ലവണ്ണം ചെമന്നുതുടുത്ത നളിനിയുടെ മുഖത്തെ പ്രഭാതത്തിൽ മഞ്ഞ് തുള്ളികൾ വീണു കുതിർന്ന (നനഞ്ഞ) പനിനീർപ്പൂവിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. (ഉപമിച്ചിരിക്കുന്നു-ഉപമാലങ്കാരം)
- ദിവാകര സാന്നിധ്യം നളിനിക്ക് ആനന്ദം നൽകുന്നു.
- സൂര്യകിരണമേറ്റു മഞ്ഞുതുള്ളികൾ നീരാവിയായിപ്പോകുന്നതുപോലെ നളിനിയുടെ ദുഃഖം അകന്ന് അവൾക്കു സന്തോഷം കൈവരുമെന്ന് ഈ ഉപമാലങ്കാര കല്പനയിലൂടെ വ്യഞ്ജിപ്പിക്കുന്നു
- ധീര, ഭൂരി, പൂരി, ധാര – *ദ്വിതീയാക്ഷര* പ്രാസഭംഗി
- തന്വിതൻ , മഞ്ഞുതൻ –*അന്ത്യാക്ഷര* പ്രാസഭംഗി
- മുഖം , സുമോപമം - *അന്ത്യാക്ഷര* പ്രാസഭംഗി

- **ശബ്ദഭംഗി കണ്ടെത്താം**
- **കഷ്ട കാലമഖിലം കഴിഞ്ഞു ഹാ**

**ദിഷ്ടമീ വടിവിയന്നു വന്നപോൽ**
**ദൃഷ്ടനായിഹ ഭവാൻ; ഭവാനു പ-**
**ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ.**

- കഷ്ട, ദിഷ്ട, ദൃഷ്ട, **(ശബ്ദഭംഗി, താളഭംഗി, ദ്വിതീയാക്ഷരപ്രാസം)**
- കണ്ടുടൻ, ഇണ്ടൽ, പണ്ട്, കണ്ടു**(ശബ്ദഭംഗി, താളഭംഗി, ദ്വിതീയാക്ഷരപ്രാസം**
- ശബ്ദഭംഗിയിൽനിന്ന് അർഥഭംഗിയിലേക്ക്
- പ്രാസഭംഗിയും ശബ്ദ ഭംഗിയും കവിതയുടെ മനോഹാരിത വർധിപ്പിക്കുന്നു.

- ഇണ്ടൽ വേണ്ട സഖീ കേണിടേണ്ട എന്ന വരിയിൽ 'ണ്ട' വ്യഞ്ജനാക്ഷരം ആവർത്തിക്കുന്നു. (അനുപ്രാസം)
- ***"അനുപ്രാസം വ്യഞ്ജനത്തെ ആവർത്തിക്കുകിൽ ഇടയ്ക്കിടെ "***

## കാവ്യഭാഗത്തിലെ ജീവിത വീക്ഷണം-വരികൾ തമ്മിലുള്ള സാമ്യങ്ങൾ കണ്ടെത്തി താരതമ്യക്കുറിപ്പ് തയ്യാറാക്കുക.

**"അന്യജീവനുതകി സ്വജീവിതം**
**ധന്യമാക്കുമമലേവിവേകികൾ"** **_ആശാൻ**

**''അവനവനാത്മസുഖത്തിനാചരിക്കുന്നവ**
**യപരനു സുഖത്തിനായ് വരേണം''-** **ശ്രീ നാരായണഗുരു**

- നളിനിയിലെ നായകനായ ദിവാകരന്റേതാണ് ഈ വാക്കുകൾ. സ്വന്തം ജീവിതം മറ്റുള്ളവർക്ക് ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിച്ച് കൃതാർഥരാവുന്നു.
- പരോപകാരാർഥമിദം ശരീരം" (മറ്റുള്ളവർക്ക് ഉപകാരപ്രമായ കാര്യങ്ങൾ ചെയ്യുന്നതിനു വേണ്ടിയാണ് ഈ ശരീരം . ഈ ജന്മം ) എന്ന ആശയമാണ് ദിവാകരൻ വെളിപ്പെടുത്തുന്നത് .
- കുമാരനാശാന്റെ ജീവിത ദർശനമാണ് ദിവാകരന്റെ വാക്കുകളിലൂടെ അവതരിപ്പിക്കുന്നത് .
- ശ്രീ നാരായണഗുരുവിന്റെ വരികളിലും ഇതേ ആശയമാണ് പങ്കുവയ്ക്കുന്നത്.

- അവനവൻ അത്മസുഖത്തിനായി ആചരിക്കുന്നവ മറ്റുള്ളവർക്ക് കൂടി സുഖത്തിനായി വരേണം, ഭവിക്കണം എന്ന കാഴ്ചപ്പാടാണ് ശ്രീനാരായണഗുരുവിന്റെ വരികളിൽ അടങ്ങിയിരിക്കുന്നത് . സ്വാർഥത വെടിഞ്ഞ് മറ്റുള്ളവരെ കൂടി മുന്നിൽ കണ്ട് ജീവിക്കുക.
- ജീവിതവുമായി ബന്ധപ്പെട്ട കാഴ്ച്ചപ്പാടിൽ ആശാന്റെ നളിനിയിമല വരികളും ശ്രീ നാരാ യണഗുരുവിന്റെ വരികളും സമാനത പുലർത്തുന്നു .
- "നീ നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" , ബൈബിൾ വാക്യം

നളിനിയിലെ കഥാപാത്രങ്ങളുടെ സ്വരം ആശാന്റെ സ്വരം മാത്രമല്ല , സംസ്കൃത മനുഷ്യ സമൂഹത്തിന്റെ സ്വരം കൂടിയാണ്. നളിനി ഒരു കാലഘട്ടത്തിന്റെ കഥയല്ല,എല്ലാ കാലഘട്ട ങ്ങളുടെയും കഥയാണ്. ശ്രീനാരായണ ഗുരുവിന്റെ ഉത്തമ ശിഷ്യനായിരുന്നു കുമാരനാശാൻ. ആശാന്റെ ജീവിത ദർശനവും കാവ്യദർശനവും രൂപപ്പെടുത്തുന്നതിൽ ഗുരു മുഖ്യപങ്ക് വഹിച്ചു.

- ***ത്യാഗമെന്നതേ നേട്ടം താഴ്മ താനഭ്യുന്നതി*** ***– വള്ളത്തോൾ***

ആശാന്റെയും ശ്രീനാരായണ ഗുരുവിന്റേയും വരികളുടെ സമാനമായ ആശയവും ജീവിത നിരീക്ഷണവും ഉൾക്കൊള്ളുതാണ് ' വള്ളത്തോൾ നാരായണ മേനോന്റെ ഈ വരികളും.

## ***അനുപ്രയോഗം***

***ഉദാ:–***

- ***ഴാങ് വാൽഴാങ്ങിന്റെ കണ്ണു രണ്ടും മിഴിഞ്ഞു പോയി. (അനുപ്രയോഗമാണ്).***
- ***അദ്ദേഹം കടയടച്ച് വീട്ടിലേക്ക് പോയി . (പോയി എന്ന ക്രിയയെ സൂചിപ്പിക്കുന്നു).***

*പ്രധാന ക്രിയയുടെ അർഥത്തിൽ എന്തെങ്കിലും പരിഷ്കാരം/ വിശേഷണം വരുത്തുന്നതിന് തൊട്ടു പിന്നാലെ ('ക്രിയയ്ക്ക് ശേഷം)ചേർക്കുന്ന അപ്രധാന ക്രിയയെ അനുപ്രയോഗമെന്നാണ് പറയുക. ഇങ്ങനെ ചേർക്കുന്ന അപ്രധാന ക്രിയയ്ക്ക് (അനുപ്രയോഗമായി ചേർക്കുന്ന) ക്രിയയുടെ കേവലമായ (കർത്താവ് സ്വമനസ്സാലെ ചെയ്യുന്ന ക്രിയ) അർഥമുണ്ടാവില്ല എന്ന് ശ്രദ്ധിക്കുക .*
*ഉദാഹരണമായി നൽകിയ, കണ്ണു രണ്ടും മിഴിഞ്ഞുപോയി എന്ന വാക്യത്തിൽ 'പോയി 'എന്ന പദം പോവുക എന്ന ക്രിയ (പ്രവൃത്തി)യുടെ അർഥത്തിലല്ല പ്രയോഗിച്ചിരിക്കുന്നത്, മിഴിഞ്ഞു എന്ന ക്രിയ സംഭവിച്ചത് കർത്താവിന്റെ (കർമം ചെയുന്നവൻ) ഇച്ഛാനുസരണമല്ല എന്ന അർഥം നൽകുന്ന " അതുകൊണ്ട് അനുപ്രയോഗം*

## വിഗ്രഹിക്കാം :

- സുഖോദയം - സുഖത്തിന്റെ ഉദയം
- അപരാധബോധം -അപരാധം ചെയ്തു എന്ന ബോധം
- സൗമ്യസ്വരം - സൗമ്യമായ സ്വരം